# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**


---

പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 13-08-2012

## റീട്രെൻഞ്ച്ഡ് അധ്യാപകരെ അടിമപ്പണി ചെയ്യിപ്പിക്കുന്നു

## - കെ എസ് ടി എ

**ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിച്ച അധ്യാപകരെ അടിമപ്പണി ചെയ്യിക്കുന്നത് അവസാനിപ്പിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിച്ചവർക്ക് പ്രത്യേക ചുമതലകളൊന്നും കൊടുക്കാതെ ചോദ്യപേപ്പർ എണ്ണി കെട്ടുക, വർക്ക്ഷീറ്റുകൾ സ്കൂളുകളിൽ എത്തിക്കുക, പ്രസ്സിൽ നിന്നും എത്തുന്ന സാധനങ്ങളുടെ കയറ്റിറക്ക് നടത്തുക തുടങ്ങിയ ദിവസക്കൂലിക്കാരുടെ ജോലിയാണ് ഇപ്പോൾ ഏൽപ്പിച്ചിട്ടുള്ളത്. ജില്ലാതലത്തിലും ബി.ആർ.സി തലത്തിലും പുറമെ കൂലികൊടുത്ത് ചെയ്യേ ജോലികൾ ഇവരെ ഏൽപ്പിക്കുന്ന നടപടി അംഗീകരിക്കാൻ കഴിയില്ല. പത്തുവർഷത്തിലധികം സർവ്വീസുള്ള ഇവർക്ക് സ്കൂളിലെ അക്കാദമിക ചുമതലകളോ അധ്യാപക പരിശീലനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളോ നൽകാതിരിക്കുന്നത് പ്രതിഷേധാർഹമാണ്. ക്ലസ്റ്റർ പരിശീലനം നിർത്തിവയ്ക്കുകയും അധ്യാപക പരിശീലനം അട്ടിമറിക്കുകയും ചെയ്തതിന്റെ ഫലമായി കോടിക്കണക്കിന് രൂപയാണ് നഷ്ടപ്പെടുന്നത്. സംസ്ഥാന പ്രോജക്ട് ഓഫീസ്, സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വിശ്രമകേന്ദ്രമായി മാറിയതിന്റെ പരിണിതഫലമാണിത്. ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ ചുമതലകൾ നിശ്ചയിച്ച് കൂലിപ്പണിയിൽ നിന്നും ഒഴിവാക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടു.**

**എം. ഷാജഹാൻ**

ജനറൽ സെക്രട്ടറി